# സ്വാശ്രയ മെഡിക്കൽ പ്രവേശനം വസ്തുതകൾ - കെ.കെ.ശൈലജ ടീച്ചർ

സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് അടിസ്ഥാന രഹിതമായ വാർത്തകളാണ് പ്രതിപക്ഷവും ചില മാധ്യമങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് മനഃപൂർവ്വം സ്വകാര്യ മെഡിക്കൽ മാനേജ്മെന്റുകൾക്ക് സഹായം ചെയ്തുകൊടുക്കുകയാണെന്നും അലോട്ട്മെന്റ് നടപടികൾ ആകെ അലങ്കോലപ്പെട്ടിരിക്കുകയാണെന്നും പ്രചരിപ്പിക്കുകയാണ്. ഈ രണ്ട് വസ്തുതകളും തികച്ചും വാസ്തവ രഹിതമാണ്. മുൻകാലങ്ങളിൽ മാനേജ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്ന കടുത്ത ചൂഷണത്തിന് തടയിടാനുള്ള നടപടികളാണ് എൽ.ഡി.എഫ് ഗവൺമെന്റ് 2016 ലും 2017 ലും സ്വീകരിച്ചത്. മാനേജ്മെന്റിന്റെ ഒരു വാദഗതികൾക്കും വഴങ്ങില്ല എന്ന ഉറച്ച തീരുമാനം ആരോഗ്യവകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. അലോട്ട്മെന്റ് നടപടികളാണെങ്കിൽ സുപ്രീം കോടതി നർദ്ദേശിച്ച തീയ്യതികളിൽ കൃത്യമായി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും ഉള്ള എല്ലാ നടപടികളും പരീക്ഷാ കമ്മീഷണറുടെ ഭാഗത്തുനിന്നും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം മുതൽ ഉണ്ടായിട്ടുള്ള തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളും അതിനെ എൽ.ഡി.എഫ് ഗവൺമെന്റ് എങ്ങനെ സമീപിച്ചു എന്നുള്ളതും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

മുൻകാലങ്ങളിൽ കേരളാ ഗവൺമെന്റ് തയ്യാറാക്കുന്ന എൻട്രൻസ് ലിസ്റ്റിൽ (Kerala Engineering Agricultural & Medical Exam, KEAM) നിന്നാണ് മെഡിക്കൽ സീറ്റുകളിലേക്ക് പ്രവേശനം നടത്തിയിരുന്നത്. ആ സമയത്ത് ഗവൺമെന്റ് സ്വാശ്രയകേളേജുകളുമായി ചർച്ച നടത്തി 50% സീറ്റുകളിൽ കുറഞ്ഞ ഫീസിൽ സാധാരണക്കാരായ കുട്ടികളെ പഠിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും , 50% മെറിറ്റ്, 50% മാനേജ്മെന്റ് എന്ന രീതി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. മാനേജ്മെന്റ് സീറ്റിൽ ചേരുന്ന കുട്ടികളിൽ നിന്ന് വളരെ ഉയർന്ന ഫീസും തലവരിപ്പണവും ഈടാക്കിക്കൊണ്ടാണ് മെറിറ്റ് സീറ്റിൽ കുറഞ്ഞ ഫീസിൽ കുട്ടികളെ പഠിപ്പിക്കാൻ മാനേജ്മെന്റ് തയ്യാറായിരുന്നത്. മാനേജ്മെന്റ് സീറ്റിൽ കോഴവാങ്ങുന്നതിന് വേണ്ടി മുൻ യു.ഡി.എഫ് ഗവൺമെന്റ് കാലത്ത് റാങ്ക് ലിസ്റ്റിന്റെ ഏറ്റവും അവസാനത്തെ മെറിറ്റിൽപ്പെട്ട കുട്ടികളെപ്പോലും പ്രവേശിപ്പിക്കാൻ അന്ന് മാനേജ്മെന്റ് തയ്യാറായി. എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഇല്ലാത്ത കുട്ടികളെപ്പോലും പ്രവേശിപ്പിച്ചതായി പരാതി ഉണ്ടായിരുന്നു.

കോടിക്കണക്കിന് രൂപയുടെ കോഴയാണ് ഈ മേഖലയിൽ നടന്നിരുന്നതെന്ന് എല്ലാവർക്കും അറിയാം. കൂടാതെ 50:50 കരാർ എന്ന് തത്വത്തിൽ പറഞ്ഞെങ്കിലും മുൻ യു.ഡി.എഫ് ഗവൺമെന്റ് കാലത്ത് 6 കോളേജുകൾ മാത്രമാണ് കരാറിൽ ഒപ്പിട്ടത്. മറ്റ് കോളേജുകളിൽ മുഴുവൻ സീറ്റുകളിലും മേൽപ്പറഞ്ഞ കച്ചവടമാണ് നടന്നത്. ക്രസ്ത്യൻ മാനേജ്മെൻറ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസിനു കുട്ടികളെ പ്രവേശിപ്പിക്കാമെന്ന് സമ്മതിക്കുകയും ഏകീകൃത ഫീസ് മാനദണ്ഡമാക്കി 2018 വരെയുള്ള ഒരു കരാർ ഒപ്പുവച്ചിരുന്നു.

2016 ഓടു കൂടി സ്ഥിതി ആകെ മാറിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കുന്ന (നീറ്റ്) മെറിറ്റ് ലിസ്റ്റ് (National Eligibility Entrance Test - NEET) ൽ നിന്ന് മുഴുവൻ സീറ്റിലേക്കും പ്രവേശനം നടത്തണമെന്ന് സുപ്രീം കോടതി വിധിച്ചു. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും സ്വകാര്യ മെഡിക്കൽ കോളേജുകളിലും നീറ്റ് മെറിറ്റിൽ നിന്നു മാത്രമേ അലോട്ട്മെന്റ് നടത്താവൂ എന്ന സ്ഥിതി വന്നു. ഈ വിധി വരുമ്പോഴേക്കും കേരളത്തിൽ സാധാരണപോലെ കേരള എൻട്രൻസ് ലിസ്റ്റ് തയ്യാറാക്കിയിരുന്നു. ആയതിനാൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലേക്കും , സ്വാശ്രയ മാനേജ്മെന്റുകളിലെ 50% മെറിറ്റ് സീറ്റുകളിലേക്കും കേരള ലിസ്റ്റിൽ നിന്ന് പ്രവേശനം നടത്താൻ അനുവാദം തരണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയും മുഴുവൻ സീറ്റുകളിലേക്കും ഗവൺമെന്റ് തന്നെ അലോട്ട്മെന്റ് നടത്തുന്നതാണ് ഉചിതമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം കൂടി കണക്കിലെടുത്ത് അങ്ങിനെ പ്രവേശനം നടത്താൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചു. ഈ തീരുമാനത്തിനെതിരെ സ്വകാര്യ മാനേജ്മെന്റ് കോടതിയെ സമീപിച്ചു. എല്ലാ സീറ്റുകളിലും അലോട്ട്മെന്റ് നടത്താനുള്ള അവകാശം അവർക്ക് വിട്ടുകൊടുക്കണമെന്ന് വാദിച്ചു. ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 50:50 എന്ന കരാറിനുവേണ്ടി നടത്തിയ ചർച്ചയിൽ നിന്ന് ഈകാര്യം പറഞ്ഞ് അവർ ഇറങ്ങിപ്പോവുകയും ചെയ്തിരുന്നു. ഹൈക്കോടതി 100% സീറ്റുകളിലും മാനേജ്മെന്റിന് തന്നെ അലോട്ട്മെന്റ് നടത്താം എന്ന എന്ന വിധിയാണ് പുറപ്പെടുവിച്ചത്. ഹൈക്കോടതി വിധി ലഭ്യമായതിന് ശേഷം സർക്കാറുമായി

ചർച്ചക്ക് തയ്യാറാണെന്ന് മാനേജ്മെന്റുകൾ അറിയിച്ചു. ഈ ഘട്ടത്തിൽ കോടതിവിധിക്കെതിരെ അപ്പീൽ പോയാൽ ഒരുപക്ഷെ സുപ്രീം കോടതി കീഴ് കോടതിയുടെ വിധി തന്നെ ശരിവെക്കാൻ ഇടയുണ്ടെന്ന് നിയമവിദഗർ ചൂണ്ടിക്കാട്ടിയതിനാൽ മാനേജ്മെന്റുമായി ചർച്ച ചെയ്ത് 50 ശതമാനം മെറിറ്റ് സീറ്റായി നിലനിർത്തുകയും അതിൽ സർക്കാർ അലോട്ട്മെന്റ് നടത്താനുള്ള

സാധ്യത ഉണ്ടാക്കുകയുമാണ് ഉചിതം എന്ന തീരുമാനം അനുസരിച്ച് നീങ്ങുകയാണ് ആരോഗ്യവകുപ്പ് ചെയ്തത്. ചർച്ചയിൽ എല്ലാ സീറ്റിലും വലിയതോതിൽ സീറ്റ് വർദ്ധിപ്പിക്കണമെന്ന് മാനേജ്മെന്റ് ആവശ്യപ്പെട്ടെങ്കിലും സർക്കാർ വഴങ്ങിയില്ല. മെറിറ്റ് വിഭാഗത്തിൽ വരേണ്ട 50 സീറ്റുകളിൽ ( ആകെ 100 സീറ്റാണെങ്കിൽ) 20 സീറ്റുകളിൽ 25000/- ഫീസ് എന്നതിൽ ഒരുമാറ്റവും വരുത്തിയില്ല. ശേഷിക്കുന്ന 30 സീറ്റുകളിൽ ഇടത്തരക്കാരും ഉയർന്ന ഇടത്തരക്കാരും അടങ്ങിയതാണ്. ഈ വിഭാഗത്തിൽ ചർച്ചയുടെ ഭാഗമായി 50000 രൂപയുടെ വർദ്ധനവ് അംഗീകരിക്കുകയും 250000 മായി ഫീസ് നിസ്ചയിക്കുകയും പുറമെ മാനേജ്മെന്റ് സീറ്റിൽ 35 സീറ്റുകളിൽ 11 ലക്ഷവും 15 എൻ.ആർ.ഐ സീറ്റിൽ 130000 വും ഈടാക്കാൻ നിശ്ചയിച്ചു. 20 കോളേജുകൾ ഈ കരാർ ഒപ്പിട്ടതിന്റെ ഭാഗമായി BPL, SEBC വിഭാഗത്തിൽ 25000 രൂപയ്ക്ക് പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിലേതിനേക്കാൾ ഇരട്ടിയായി വർദ്ധിച്ചു. കണ്ണൂർ, കരുണ, കെ.എം.സി.റ്റി എന്നീ മെഡിക്കൽ കോളേജുകൾ സർക്കാറുമായുള്ള കരാറിന് തയ്യാറാവാതെ കോടതിയെ സമീപിക്കുകയും അവർക്ക് മുഴുവൻ സീറ്റുകളിലും 10 ലക്ഷം രൂപ ഫീസ് ഈടാക്കാനുമുള്ള വിധി സമ്പാദിക്കുകയും ചെയ്തു. ഇതിനെതിരെ സർക്കാർ കോടതിയിൽ ഇടപെട്ടു. അപ്പോൾ കോടതിവിധി അംഗീകരിക്കണമെന്നും പിന്നീട് കോളേജുകളുടെ ചെലവുകൾക്കനുസരിച്ച് ജയിംസ് കമ്മിറ്റി ഫീസ് നിശ്ചയിച്ച് നൽകണമെന്നും കോടതി പരാമർശിച്ചു. 20 കോളേജുകളുമായി സർക്കാർ ഉണ്ടാക്കിയ എഗ്രിമെന്റ് കോടതി അംഗീകരിക്കുമ്പോൾ പ്രത്യേക സൂചന നൽകിയിരുന്നു. ഈ വർഷം (2016) കേരള എൻട്രൻസ് പരീക്ഷ നടത്തി നേരത്തെ ലിസ്റ്റ് തയ്യാറാക്കിയതിനാലും നേരത്തെ എഗ്രിമെന്റ് വച്ചു പോയതിനാലും കോടതി അത് തള്ളിക്കളയുന്നില്ലെന്നും എന്നാൽ അടുത്ത വർഷം (2017) മുതൽ നീറ്റ് മെറിറ്റിൽ നിന്നും മാത്രമേ പ്രവേശനം നടത്താൻ പാടുള്ളൂ എന്നും കോടതി വ്യക്തമാക്കി.

മേൽപ്പറഞ്ഞ അവസ്ഥയിൽ മുഴുവൻ സീറ്റുകളിലേക്കും ഒരേ മെറിറ്റ് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുമ്പോൾ മാനേജ്മെന്റ് മെറിറ്റ് എന്ന് വേർതിരിച്ച് 50:50 എന്ന ധാരണയുണ്ടാക്കാൻ നിയമപരമായി തടസ്സമുണ്ടെന്ന് നിയമവിദഗ്ദർ വ്യക്തമാക്കി. എങ്കിലും 25000 രൂപയ്ക്ക് നിർദ്ധന വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെട്ടുകൂട എന്ന ആഗ്രഹത്തിൽ മാനേജ്മെൻറ് പ്രിതിനിധികളുമായി ഗവൺമെൻറ് ചർച്ച നടത്താൻ തയ്യാരായി. നേരത്തെ തന്നെ ഇത്തരം കാര്യങ്ങൾ തീരുമാനമുണ്ടാക്കുമെന്ന് കരുതി 27/03/2017 ന്

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. മുഴുവൻ സീറ്റുകളിലേക്കും സർക്കാർ നേരിട്ട് അലോട്ട്മെൻറ് നടത്തുന്നതിനാൽ പകുതി സീറ്റിൽ ഫീസിളിവ് നൽകാനും പകുതി സീറ്റിൽ ഉയർന്ന ഫീസ് ഈടാക്കാനും തങ്ങൾക്ക് കഴിയില്ലെന്നും ആയതിനാൽ എല്ലാ സീറ്റിലേക്കും ഉയർന്ന ഏകീകൃത ഫീസ് വേണമെന്നും അവർ വാദിച്ചു. ഇത് അംഗീകരിക്കാൻ സർക്കാറിന് കഴിയാതിരുന്നതിനാൽ പി.ജി കോഴ്സുകളുടെ കാര്യത്തിൽ മാത്രം തീരുമാനമെടുക്കുകയും എം.ബി.ബി.എസ് സീറ്റുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാതെ പിരിയുകയും ചെയ്തു. തുടർന്ന് 31/05/2017 ന് ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വീണ്ടും മാനേജ്മെൻറുമായി ചർച്ച നടത്തി . എം.ബി.ബി.എസ് സീറ്റിൽ സീറ്റൊന്നിന് 15 ലക്ഷം രൂപയാണ് മാനേജ്മെന്റ് ആവശ്യപ്പെട്ടത്. ഇത് അംഗീകരിക്കാനാവാതെ ചർച്ച അലസിപ്പിരിഞ്ഞു. കരാറിന്റെ ഭാഗമല്ലാതെ ഫീസ് നിശ്ചയിക്കാൻ ഗവൺമെൻറിന് അധികാരമില്ല. ഫീ റഗുലേറ്ററി കമ്മിറ്റിക്കാണ് അതിനുള്ള അധികാരം . ഈ കാര്യത്തിൽ പൊതു തീരുമാനം ഉണ്ടാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 20/03/2017 ന് സർവ്വ കക്ഷി യോഗം വിളിച്ചു ചേർത്തിരുന്നു. 20 പേരാണ് യോഗത്തിൽ പങ്കെടുത്തിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റേയും മുസ്ലീം ലീഗിന്റേയും പ്രതിനിധികൾക്ക് മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ നോമിനേഷൻ കൊടുക്കുന്നതു കാരണം യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. ചർച്ചയിൽ വിവിധ അഭിപ്രായങ്ങൾ ഉയർന്നു വന്നിരുന്നു. മാനേജ്മെൻറുകളുമായി ഒന്നു കൂടി ചർച്ച നടത്തണമെന്നും സാധ്യമാണെങ്കിൽ ഗവൺമെൻറ് ഒരു ഓർഡിനൻസ് തന്നെ കൊണ്ടുവരണമെന്നും ഉള്ള അഭിപ്രായങ്ങൾ പ്രതിനിധികൾ ഉന്നയിച്ചു. ഇത് അനുസരിച്ചാണ് രണ്ടാമതും മേൽപ്പറഞ്ഞതുപോലെ മാനേജ്മെൻറുകളുമായി ചർച്ച നടത്തിയത്. തുടർന്ന് ഭൂരിപക്ഷം ആളുകളും അഭിപ്രായപ്പെട്ടതുപോലെ ഗവൺമെന്റ് 10-04-2017 ന് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് ആയിരിക്കും അന്തിമമെന്നും എന്നാൽ മാനേജ്മെൻറുകളുമായി ഒരു പരസ്പരധാരണയുള്ള സാധ്യത ഉപയോഗപ്പെടുത്താമെന്നും ഓർഡിനൻസിൽ സൂചിപ്പിച്ചിരുന്നു. 25/04/2017 മുതൽ 25/5/2017 വരെ അസംബ്ലിയായിരുന്നു. ഈ അസംബ്ലിയിൽ ഓർഡിനൻസ് നിയമമാക്കാൻ തയ്യാറായിരുന്നെങ്കിലും ചിലപ്രത്യേക കാരണങ്ങളാൽ അസംബ്ലി ഷെഡ്യൂൾ ചുരുക്കിയതിനാൽ ഓർഡിനൻസ് സഭയിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല. ഓർഡിനൻസ് ലാപ്സായതിനാൽ 01/06/2017 ന് വീണ്ടും പുതുക്കി

ഗവൺമെന്റ് അംഗീകാരം നേടി.എന്നാൽ 07/06/2017 ന് അവിചാരിതമായി ഒരു ദിവസത്തേക്ക് മാത്രമായി അസംബ്ലി ചേരേണ്ടി വന്നു. (ബീഫ് നിരോധനം ചർച്ച ചെയ്യാൻ) ഈ ദിവസം ബില്ലുകളുടെ ഓർഡിനൻസ് എടുക്കാൻ സാധ്യമായിരുന്നില്ല. ഇതിനാൽ ഓർഡിനൻസ് വീണ്ടും ലാപ്സാവുകയും 10/07/2017 ന് ഓർഡിനൻസ് വീണ്ടും പുതുക്കി അംഗീകാരം നേടുകയും ചെയ്തു. ഇങ്ങനെ രണ്ട് തവണ പുതുക്കേണ്ടി വന്നതിനാലാണ് ഓർഡിനൻസ് വൈകി എന്ന പ്രതീതി ഉണ്ടായത്. ഇതിനിടയിൽ ഫീ റഗുലേറ്ററി കമ്മിറ്റി ഓരോ സീറ്റിനും അഞ്ചരലക്ഷം എന്ന ഫീസ് നിശ്ചയിച്ച് പ്രഖ്യാപിച്ചു. ഈ ഫീസ് കൂടുതലാണെന്ന് വിദ്യാർത്ഥി സംഘടനകളടക്കം എല്ലാവരും വാദിച്ചു. ഫീസ് നിശ്ചയിച്ചത് ഗവൺമെന്റ് അല്ല എന്ന് വ്യക്തമാക്കിയിട്ടും ഗവൺമെന്റിന് നേരെയാണ് ആരോപണങ്ങൾ ഉണ്ടായത്. ഫീ റഗുലേറ്ററി കമ്മിറ്റിയുടെ കാലാവധി തീർന്നപ്പോൾ കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടതായി വന്നു. പുനഃസംഘടിപ്പിക്കുമ്പോൾ പഴയ കമ്മിറ്റി ( 5 അംഗങ്ങളായി ) തന്നെ പുനഃസംഘടിപ്പിക്കുകയും പുതിയ ഓർഡിനൻസിൽ അത് 10 അംഗങ്ങളാണെന്ന് ഓർക്കാതിരിക്കുകയും ചെയ്തത് പിശകായി. എന്നാൽ ഇത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ഇത് കാൻസൽ ചെയ്ത് 10 അംഗ കമ്മിറ്റി രൂപീകരിച്ചു. ഇതുമൂലം ഏതെങ്കിലും പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ല. ഫീ റഗുലേറ്ററി കമ്മിറ്റി വീണ്ടും ചേർന്ന് അഞ്ചരലക്ഷമെന്ന ഫീസ് 5 ലക്ഷമായി കുറച്ച് നിശ്ചയിച്ചു. മാനേജ്മെന്റിന്റെ കണക്കുകളെല്ലാം പരിശോധിച്ചാൽ ഇതിലപ്പുറം കുറക്കാൻ കഴിയില്ല എന്ന നിലപാടാണ് ഫീ റഗുലേറ്ററി കമ്മിറ്റി സ്വീകരിച്ചത്. ഗവൺമെന്റിന്റെ നിർദ്ദേശം കണക്കിലെടുത്ത് താഴ്ന്ന വരുമാനക്കാരായ 15% കുട്ടികൾക്ക് മാനേജ്മെന്റ് സ്കോളർഷിപ്പ് നൽകണമെന്നും ഇതിന് കഴിയുന്ന രീതിയിൽ 15 % എൻ.ആർ.ഐ സീറ്റ് 5 ലക്ഷം രൂപ ഫീസ് വർദ്ധിപ്പിക്കാമെന്നും ഫീ റഗുലേറ്ററി കമ്മിറ്റി തീരുമാനിച്ചു. മാനേജ്മെന്റ് 5 ലക്ഷം തീരെ കുറഞ്ഞ ഫീസാണെന്ന പറഞ്ഞ് കോടതിയെ സമീപിച്ചു. ഈ ഘട്ടത്തിൽ പ്രതിപക്ഷം ഫീസിൽ വമ്പിച്ച വർദ്ധന എന്നാരോപിച്ചു കൊണ്ട് ഗവൺമെന്റിനെതിരെ ആക്രോശം ഉയർത്തി. എസ്.എഫ്. ഐ അടക്കമുള്ള വിദ്യാർത്ഥി സംഘടനകളും കടുത്ത പ്രതിഷേധം ഉയർത്തി. എന്നാൽ ഫീ റഗുലേറ്ററി കമ്മിറ്റിയുടെ ഫീസ് അംഗീകരിക്കുകയല്ലാതെ ആരോഗ്യ വകുപ്പിനു മുമ്പിൽ മറ്റു മാർഗങ്ങളൊന്നുമുണ്ടായിരുന്നില്ല.

ഈ ഘട്ടത്തിൽ 2 മാനേജ്മെന്റുകൾ (എം.ഇ.എസ്, കാരക്കോണം) സർക്കാറുമായി വീണ്ടും ചർച്ച നടത്താൻ ഞങ്ങൾ തയ്യാറാണെന്നും കഴിഞ്ഞ വർഷത്തെ അതേ ഫീസ് കരാർ

ഒപ്പുവെക്കാമെന്നും സർക്കാറിനെ അറിയിച്ചു. കഴിഞ്ഞ വർഷത്തെ ഫീസ് വർദ്ധിപ്പിക്കാതിരിക്കുകയും മുഴുവൻ സീറ്റിലും അലോട്ട്മെന്റ് നടത്താൻ മാനേജ്മെന്റ് സമ്മതിക്കുകയും ചെയ്താൽ കരാർ ഒപ്പിടാമെന്ന് സർക്കാർ സമ്മതിച്ചു. ഇതനുസരിച്ച് പരിയാരം മെഡിക്കൽ കോളേജുമാത്രമാണ് സർക്കാരുമായി കരാർ ഒപ്പിട്ടത്. മറ്റ് 9 കോളേജുകൾ കരാറിന് സന്നദ്ധമാണെന്ന് അറിയിച്ചെങ്കിലും അവയിൽ പലതും കോടതിയിൽ നിന്നും ഉയർന്ന ഫീസ് വർദ്ധിപ്പിച്ചു കിട്ടുമെന്ന പ്രതീക്ഷയിൽ കരാറിൽ ഏർപ്പെടാൻ വന്നില്ല. കരാറിൽ ഏർപ്പെട്ടാൽ ആരെങ്കിലും പരാതിപ്പെടുകയാണെങ്കിൽ ക്രോസ് സബ്സീഡി പാടില്ലെന്നു പറഞ്ഞ് സുപ്രീംകോടതി കരാർ തള്ളിക്കളയുമെന്ന് പ്രതിപക്ഷം പ്രചരിപ്പിച്ചു. ഇതിനുള്ള സാധ്യത പൂർണ്ണമായും തള്ളിക്കളയാൻ കഴിയില്ലെങ്കിലും 25000 നും 2.5 ലക്ഷത്തിനും കുട്ടികൾക്ക് പഠിക്കാനുള്ള സാധ്യത നിലനിർത്തുന്നതിനു വേണ്ടി സന്നദ്ധരാകുന്ന മാനേജ്മെന്റുമായി കരാർ ഒപ്പിടാൻ തന്നെ സർക്കാർ തീരുമാനിച്ചു. കരാറിൽ ഏർപ്പെടാത്തവരോട് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് (സ്കോളർഷിപ്പ് സംവിധാനമടക്കം) ഈടാക്കുന്നതിനാണ് ധാരണയായത്. ഇതല്ലാതെ മറ്റൊരുമാർവും സർക്കാറിന്റെ മുന്നിലില്ല. ഒരു ദിവസം പോലും പാഴാക്കതെ അലോട്ട്മെന്റ് ആരംഭിക്കുമ്പോഴേക്കും ഈ പ്രക്രിയകൾ പൂർത്തിയാക്കാൻ സർക്കാർ ഇടപെട്ടിട്ടുണ്ട്.

അലോട്ട്മെന്റ് പ്രക്രിയ ആകെ അലങ്കോലമായെന്ന പ്രതിപക്ഷത്തിന്റെ വാദം ഒരിക്കലും ശരിയല്ല. ആഗസ്റ്റ് 1 നും 31 നും ഇടയിൽ അലോട്ട്മെൻറ് പൂർത്തിയാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഗവ. കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് ആരംഭിക്കുകയും യാതൊരു പ്രയാസവുമില്ലാതെ നടക്കുകയും ചെയ്തിട്ടുണ്ട്. ( ഒന്നാം ഘട്ട അലോട്ട്മെന്റ്) രണ്ടാം ഘട്ട അലോട്ട്മെന്റ് കൃത്യസമയത്ത് നടക്കും. കോടതി നടപടികൾ പൂർത്തിയായിട്ടുമാത്രമേ സ്വാശ്രയ കോളേജിലെ അലോട്ട്മെന്റ് ആരംഭിക്കാവൂ എന്ന കോടതി നർദ്ദേശം ഉള്ളതിനാൽ സർക്കാറിന് ഒന്നാം ഘട്ട അലോട്ട്മെന്റിൽ സ്വാശ്രയ കോളേജുകളെ പങ്കെടുപ്പിക്കാൻ കഴിയുമായിരുന്നില്ല. സർക്കാറുമായി കരാർ ഒപ്പിട്ടാലും ഇല്ലെങ്കിലും രണ്ടാം ഘട്ട അലോട്ട്മെന്റിനോടൊപ്പം സ്വാശ്രയകേളേജുകളുടെ അലോട്ട്മെൻറും നടക്കും. ആവശ്യമാണെങ്കിൽ സ്വാശ്രയ കോളേജുകൾക്ക് വീണ്ടുമൊരു അലോട്ട്മെൻറ് ഏർപ്പെടുത്തും. അതു കഴിഞ്ഞുള്ള സ്പോട്ട് അലോട്ട്മെന്റ് മാനേജ്മെൻറിനു വിട്ടുകൊടുത്ത് കോഴവാങ്ങാൻ സൗകര്യമൊരുക്കുന്നുവെന്നാണ് പ്രതിപക്ഷം ആരോപിച്ചത്. ഇത് പ്രതിപക്ഷത്തിൻറെ സങ്കൽപ്പം മാത്രമാണ്. ഒരു

കാരണവശാലും സ്പോട്ട് അലോട്ട്മെന്റ് മാനേജ്മെൻറിന് വിട്ടുകൊടുക്കില്ലെന്നും പൂർണ്ണമായും സർക്കാർ തന്നെ നടത്തുമെന്നും പരീക്ഷാ കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥിതിഗതികൾ ഇതായിരിക്കെ പുതിയ സാഹചര്യവും യാഥാർത്ഥ്യവും മനസ്സിലാക്കാതെ പ്രതിപക്ഷവും വിദ്യാർത്ഥി സംഘടനകളും സർക്കാറിനെ പഴിചാരുന്നത് ശരിയായ രീതിയല്ല. ഇത്തവണ ഗവ. കോളേജുകളിൽ 100 സീറ്റുകൾ കൂടി വർദ്ധിപ്പിക്കാൻ (പാരിപ്പള്ളിക്ക് അംഗീകാരം നേടുക വഴി) ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്. ഏറെ ബുദ്ധിമുട്ടുള്ള സാഹചര്യം വന്ന ചേർന്നിട്ടും അവധാനതയോടെ അതിനെ നേരിടുകയും പ്രശ്നങ്ങൾ ജനകീയമായി പരിഹരിക്കാൻ ആരോഗ്യവകുപ്പിനു കഴിയുകയും ചെയ്തതിനു പിന്നിൽ മുഖ്യമന്ത്രിയുടെ നിരന്തരമായ നിർദ്ദേശങ്ങളും സഹായങ്ങളും ഉണ്ടായിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ നാടാകെ ആരംഭിക്കുന്നതിനും ഒരു മാനദണ്ഡവുമില്ലാതെ കോഴ വാങ്ങുന്നതിന് അവരെ അനുവദിക്കുന്നതിനും തയ്യാറായിട്ടുള്ളത് ഇപ്പോഴത്തെ പ്രതിപക്ഷമാണെന്ന കാര്യം ആരും മറക്കരുത്. ഈ വസ്തുതകൾ പൊതുജനങ്ങൾ അംഗീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.